കേരളസർവകലാശാല

നം.പി.ആർ.69/2021

# പത്രക്കുറിപ്പ്

## എം.ബി.എ. (ഫുൾടൈം) കോഴ്സ് 2021 – 23
## ഓൺലൈൻ അപേക്ഷകൾ ക്ഷണിക്കുന്നു

കേരളസർവകലാശാലയുടെ വിവിധ മാനേജ്മെന്റ് പഠനകേന്ദ്രങ്ങളിൽ എം.ബി.എ. (ഫുൾ ടൈം) കോഴ്സിലേക്കുള്ള 2021 – 23 വർഷത്തെ പ്രവേശനത്തിനുള്ള ഓൺലൈൻ അപേക്ഷകൾ സ്വീകരിക്കുന്നു. അവസാന തീയതി ജൂലൈ 31 രാത്രി 10.00 മണി. വിശദവിവരങ്ങൾക്ക് സർവകലാശാല വെബ്സൈറ്റ് (www.admissions.keralauniversity.ac.in) സന്ദർശിക്കുക.

## പരീക്ഷാത്തീയതി

കേരളസർവകലാശാല മാർച്ച് 31 മുതൽ നടത്താനിരുന്ന നാലാം സെമസ്റ്റർ എം.എ./എം.എസ്.സി./എം.കോം./എം.എസ്.ഡബ്ല്യൂ./എം.എം.സി.ജെ. മാർച്ച് 2021 റെഗുലർ/സപ്ലിമെന്ററി/മേഴ്സിചാൻസ് പരീക്ഷകൾ ഏപ്രിൽ 15 മുതൽ ആരംഭിക്കുന്നതാണ്. പ്രോജക്ട്/ഡിസർട്ടേഷൻ സമർപ്പിക്കേണ്ട അവസാന തീയതി ഏപ്രിൽ 26.

## പരീക്ഷാഫലം

കേരളസർവകലാശാലയുടെ നാലാം സെമസ്റ്റർ എം.എ. ബിസിനസ് ഇക്കണോമിക്സ് (റെഗുലർ ആന്റ് സപ്ലിമെന്ററി) ജൂലൈ 2020 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് ഏപ്രിൽ 5 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സി.എ.സി.ഇ.ഇ. വിവിധ കോഴ്സുകളിൽ സീറ്റ് ഒഴിവ്

കേരളസർവകലാശാല തുടർവിദ്യാഭ്യാസവ്യാപനകേന്ദ്രം നടത്തുന്ന ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ കോഴ്സിന് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. യോഗ്യത: പ്ലസ്ടു/പ്രീ-ഡിഗ്രി, കോഴ്സ് കാലാവധി: 6 മാസം, ക്ലാസുകൾ: ശനി, ഞായർ ദിവസങ്ങളിൽ കാര്യവട്ടം ക്യാമ്പസിൽ നടത്തും, കോഴ്സ്ഫീസ്: 7000/- രൂപ (പരീക്ഷാഫീസ് ഉൾപ്പെടെ), അപേക്ഷാഫീസ്: 100 രൂപ., അവസാന തീയതി: മാർച്ച് 31. ഉയർന്ന പ്രായപരിധി ഇല്ല. താൽപ്പര്യമുള്ളവർ അസൽ സർട്ടിഫിക്കറ്റും പകർപ്പും ഒരു ഫോട്ടോയും സഹിതം പി.എം.ജി. ജംഗ്ഷനിലുള്ള സ്റ്റുഡന്റ്സ് സെന്റർ ക്യാമ്പസിലെ സി.എ.സി.ഇ.ഇ. ഓഫീസിൽ ഹാജരാകണം. വിശദവിവരങ്ങൾക്ക്: 0471 – 2302523.

കേരളസർവകലാശാല തുടർവിദ്യാഭ്യാസവ്യാപനകേന്ദ്രം നടത്തുന്ന പി.ജി. സർട്ടിഫിക്കറ്റ് ഇൻ ക്രിമിനോളജി ആന്റ് ക്രിമിനൽ ജസ്റ്റിസ് അഡ്മിനിസ്ട്രേഷൻ കോഴ്സിന് ഏപ്രിൽ 9 വരെ അപേക്ഷിക്കാം. യോഗ്യത: അംഗീകൃത ബിരുദം, കോഴ്സ് ദൈർഘ്യം: 6 മാസം, ഫീസ്: 9,000/- രൂപ. (എൽ.എൽ.ബി. ബിരുദധാരികൾക്ക് ഫീസ്: 8500/- രൂപ), അപേക്ഷാഫീസ്: 100 രൂപ. അപേക്ഷാഫോറത്തിനും വിശദവിവരങ്ങൾക്കും പി.എം.ജി. ജംഗ്ഷനിലെ സി.എ.സി.ഇ.ഇ. ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 0471 – 2302523.

കേരളസർവകലാശാലയുടെ സെന്റർ ഫോർ അഡൾട്ട് ആന്റ് കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ യൂണിറ്റിന്റെ കീഴിൽ തിരുവനന്തപുരം കല്ലറ പാങ്ങോട് മന്നാനിയ കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസിൽ നടത്തുന്ന പി.എസ്.സി. അംഗീകൃത ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് സർട്ടിഫിക്കറ്റ് കോഴ്സിന് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. ആറു മാസത്തെ കോഴ്സിന് പ്ലസ്ടു

യോഗ്യതയുള്ള ആർക്കും അപേക്ഷിക്കാം. വിശദവിവരങ്ങൾക്ക് 9048538210 എന്ന നമ്പറിൽ ബന്ധപ്പെടുക.

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം.
25.03.2021

For exam related queries **examhelpdesk1@keralauniversity,examhelpdesk2@keralauniversity**

**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**